# ആ ജോലി എങ്ങനെ നേടാം?

## അപേക്ഷ മുതൽ ഇന്റർവ്യൂവരെ

ബി.എസ്. വാരിയർ

അക്കാദമിക് സാക്ഷ്യപത്രങ്ങളുടെയും റാങ്കുകളുടെയും ബാഹുല്യവുമായി ഉദ്യോഗാർത്ഥികൾ തിക്കിത്തിരക്കുമ്പോൾ തൊഴിൽ ലഭിക്കുവാനുള്ള മാനദണ്ഡങ്ങൾ മാറുന്നു. തൊഴിലിനുവേണ്ടിയുള്ള അപേക്ഷ തയ്യാറാക്കുന്നതുമുതൽ ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്കഷൻ, പ്രസന്റേഷൻ തുടങ്ങി തൊഴിലന്വേഷണത്തിന്റെ ഓരോ ഘട്ടത്തിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ നിരവധിയാണ്. ആധുനികജീവിതത്തിലെ അഗ്നിപരീക്ഷകളായ ടെലിഫോൺ ഇന്റർവ്യൂ, കാമ്പസ് ഇന്റർവ്യൂ, എസ്. എസ്. ബി. ഇന്റർവ്യൂ, മത്സരപ്പരീക്ഷകൾ, സിവിൽ സർവീസ് തുടങ്ങി ഓരോന്നും ഫലപ്രദമായും കാര്യക്ഷമമായും എങ്ങനെ നേരിടാമെന്നു പ്രതിപാദിക്കുന്ന ഗ്രന്ഥം. വിവിധ മാധ്യമങ്ങളിലൂടെ നിരവധി വർഷങ്ങളായി ഉദ്യോഗാർത്ഥികൾക്ക് മാർഗനിർദ്ദേശം നൽകിവരുന്ന ബി. എസ്. വാരിയരുടെ ലളിതമായ ശൈലി. മികച്ച കരിയർ തേടുന്ന ഏതൊരാൾക്കും വഴികാട്ടിയാകുന്ന കൃതി.

പരിഷ്കരിച്ച പതിപ്പ്

കവർ ഡിസൈൻ: വിശാഖ് രാജ്, ഡി സി ഡിസൈൻ സ്റ്റുഡിയോ

ഒരു ഡി സി ബുക്സ് മുദ്രണം
www.dcbooks.com

ISBN 81-264-0404-3
9 788126 404049 00012

സെൽഫ് ഹെൽപ്
E-book available
₹ 420

പരിഷ്കരിച്ച പതിപ്പ്

ബി.എസ്. വാരിയർ



ആ ജോലി എങ്ങനെ നേടാം?

അപേക്ഷ മുതൽ ഇന്റർവ്യൂവരെ

DC

## ബി.എസ്. വാരിയർ

1937 സെപ്റ്റംബർ 23-ന് മാന്നാറിൽ ജനിച്ചു. തിരുവനന്തപുരം കോളജ് ഒഫ് എൻജിനീയറിങ്ങിൽനിന്ന് 1958-ൽ ഇലക്ട്രിക്കൽ എൻജിനീയറിങ് ബിരുദം നേടി. സാങ്കേതിക വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ ആയിരുന്നു. വിദ്യാഭ്യാസം, ശാസ്ത്രസാങ്കേതികവിഷയങ്ങൾ, പ്രയുക്തധനശാസ്ത്രം, മാനേജ്മെന്റ്, സ്പോർട്സ് എന്നീ മേഖലകളിൽ ഇംഗ്ലിഷിലും മലയാളത്തിലുമായി നിരവധി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

### ബി.എസ്. വാരിയരുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ആ ജോലി എങ്ങനെ നേടാം? അപേക്ഷ മുതൽ ഇന്റർവ്യൂവരെ
വിജയത്തിന്റെ പടവുകൾ
ഉൾക്കാഴ്ച വിജയത്തിന്
പഠിച്ചു മിടുക്കരാകാൻ
ജീവിതവിജയവും ആത്മവിശ്വാസവും
വിജയത്തിലേക്കൊരു താക്കോൽ
വിജയത്തിലേക്കൊരു വാതിൽ
വിജയത്തിലേക്കൊരു യാത്ര
വിജയത്തിനെത്ര രഹസ്യങ്ങൾ!
ജീവിതവിജയത്തിന് 366 ഉൾക്കാഴ്ചകൾ
ഉൾക്കരുത്തിന്റെ പാഠങ്ങൾ — 375 ചിന്തകൾ
Steps to Your Dream Career
Learn Faster, Learn Better
The Golden Path to Civil Services

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച ബി.എസ്. വാരിയരുടെ കൃതികൾ പരിചയപ്പെടുവാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

ബി.എസ്. വാരിയർ

# ആ ജോലി എങ്ങനെ നേടാം?
## അപേക്ഷ മുതൽ ഇന്റർവ്യൂവരെ

DC LIFE

Malayalam Language
Aa Joli Engane Nedām: Apeksha Muthal Interview Vare
Self help
*by* B.S. Warrier

Rights Reserved
First Published January 2002
2nd Revision 2010
This edition (Revised) January 2022

Publishers
D C Life
*An imprint of* D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

Distributors
D C Books-Current Books
INDIA

D C Books Library Cataloguing in Publication Data
Warrier, B.S.
Aa joli engane nedam: apeksha muthal interview vare/B.S. Warrier
408 p., 21cm.
ISBN 81-264-0404-3
1. Self help I. Title
158.1-dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-0404-3

Printed in India
at D C Press, Kottayam, INDIA

D C Books: The First Indian Book Publishing House to get ISO Certification

1045/21-22-Sl.No. 22517-dcb 2463-(12)1000-13332-01-22-hn. 60-p rr-r bm-d hm

# ആമുഖം

അഭ്യസ്തവിദ്യരടക്കമുള്ള കേരളീയ യുവജനങ്ങളുടെ മുഖ്യപ്രശ്നമാണ് മാന്യമായ തൊഴിൽ കണ്ടെത്തുന്നത്. ഇക്കാര്യത്തിൽ സഹായകമായ വിവരങ്ങൾ പകരുകയെന്ന ലക്ഷ്യത്തോടെ 2002–ൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥം പല തവണ പരിഷ്കരിച്ചു. റീപ്രിന്റുകളുണ്ടായി. 12–ാം പ്രാവശ്യമായാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നത്.

തൊഴിൽരംഗത്ത് അതിവേഗം രൂപംകൊള്ളുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് ഉദ്യോഗാർത്ഥികൾ അറിഞ്ഞിരിക്കേണ്ട അവശ്യവിവരങ്ങൾ കാലികപൂർണതയോടെ ഇതിൽ ചേർത്തിരിക്കുന്നു. സായുധസേനാവിഭാഗങ്ങളിലെ ഓഫീസർ ജോലി, സിവിൽ സർവീസസ് എന്നിവയ്ക്കു പുറമേ, ബാങ്കിങ്ങും ഇൻഷുറൻസുമുൾപ്പെടെ, സർക്കാർ–പൊതുമേഖലാ തലങ്ങളിലെ പ്രധാന ജോലികളെയും മത്സരപ്പരീക്ഷകളെയുംകുറിച്ച് വിവരങ്ങൾ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ നിയമനങ്ങൾക്കായി 'സർവീസസ് സിലക്ഷൻ ബോർഡ്' നടത്തുന്ന മത്സരപ്പരീക്ഷകളിൽ നാം കൂടുതൽ താത്പര്യം കാട്ടേണ്ടതുണ്ട്. പുതിയ ട്രെൻഡുകളായ വീഡിയോ ഇന്റർവ്യൂ, വാക്ക് ഇൻ ഇന്റർവ്യൂ, ബിഹേവിയറൽ ഇന്റർവ്യൂ എന്നിവയെ സമർത്ഥമായി നേരിടാനുള്ള തന്ത്രങ്ങളും സൂചിപ്പിച്ചിരിക്കുന്നു.

ഇന്ത്യയിലും വിദേശത്തും ലഭ്യമാകുന്ന തൊഴിലവസരങ്ങളെപ്പറ്റി അപ്പപ്പോൾ അറിയാൻ സഹായിക്കുന്ന ഇന്റർനെറ്റ് സൗകര്യങ്ങളെക്കുറിച്ച് ഒരു അധ്യായംതന്നെയുണ്ട്. ഏതെങ്കിലുമൊരു അറിയിപ്പു വരുമ്പോൾ, അതിനുള്ള തയ്യാറെടുപ്പു നടത്തുക എന്നതിനപ്പുറവും നമുക്കു പലതും ചെയ്യാൻ കഴിയും. ഇംഗ്ലീഷ് ഭാഷ, ന്യൂമെറിക്കൽ എബിലിറ്റി, റീസണിങ് തുടങ്ങി ഒട്ടുമിക്ക മത്സരപ്പരീക്ഷകളിലുമുള്ള വിഷയങ്ങളിൽ സ്ഥിരമായി തയ്യാറെടുത്തുകൊണ്ടിരിക്കുന്നവർക്ക് ഏതു ജോലിക്കുമുള്ള വിശേഷ തയ്യാറെടുപ്പ് എളുപ്പമാകും. ബന്ധപ്പെട്ട ചോദ്യനിലവാരവും ചോദ്യശൈലികളും കൂടെ മനസ്സിൽവച്ച്, മുൻചോദ്യക്കടലാസുകളുപയോഗിച്ചുള്ള ഡ്രില്ലിങ് വേണമെന്നു മാത്രം. ഇതിനുള്ള പശ്ചാത്തലം 'മത്സരപ്പരീക്ഷകൾ' എന്ന അധ്യായത്തിലുണ്ട്.

ആദ്യമായി ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയപ്പോളെന്നപോലെ ഈ പുതിയ പതിപ്പിനും ശ്രീ രവി ഡി സി അകമഴിഞ്ഞ പ്രോത്സാഹനം നൽകിയിട്ടുണ്ട്. ഇതിലെ സൂചനകൾ തൊഴിലന്വേഷണത്തിൽ ഏർപ്പെടുന്ന നമ്മുടെ യുവജനങ്ങൾക്കു സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

ബി.എസ്. വാരിയർ

## 2016-ലെ പതിപ്പിന്റെ ആമുഖം

നല്ല നിലയിൽ ജീവിക്കാൻ തുണയേകുന്ന ജോലി കണ്ടെത്തുകയെന്നത് ലക്ഷക്കണക്കിനു യുവജനങ്ങളെ അലട്ടുന്ന കൊടിയ പ്രശ്നമാണ്. മികച്ച പരീക്ഷായോഗ്യത നേടിയവരുടെ മുൻപിലുമുണ്ട് കടമ്പകൾ പലതും. മത്സരപ്പരീക്ഷ, ഇന്റർവ്യൂ, ഗ്രൂപ്പ് ചർച്ച, പ്രസന്റേഷൻ മുതലായവ. ഉദ്യോഗാർത്ഥികൾ ഏറെയും അവസരങ്ങൾ കുറവും ആകുമ്പോൾ കിടമത്സരത്തിന് കടുപ്പം കൂടും. മെച്ചമായ പ്രകടനത്തിലൂടെ വിജയം കൈവരിക്കാനുള്ള സൂചനകളാണ് ഈ ഗ്രന്ഥം ലക്ഷ്യമാക്കുന്നത്. ഇത് അറിവിന്റെ യുഗമാണ്. കൃത്യമായ അറിവു കൈവശമുള്ളവർക്കു സ്വാഭാവികമായും വിജയസാധ്യതയേറും.

മനസ്സിനിണങ്ങിയ കരിയറാകുമ്പോൾ എത്തിച്ചേരാനുള്ള ശ്രമം തീവ്രമാകും. സി.വിയും അപേക്ഷയും ആധുനികശൈലിയിൽ ഭംഗിയായി തയ്യാറാക്കുക, പരമാവധി കാര്യക്ഷമതയോടെ ഇന്റർവ്യൂവിൽ പങ്കെടുക്കുക എന്നിവ മിക്കപ്പോഴും നിർണായകമാണ്. ഒരു ഇന്റർവ്യൂവിൽ തെറ്റു വല്ലതും സംഭവിച്ചാൽ, അതു വിശകലനം ചെയ്ത് മറ്റൊരിക്കൽ ആവർത്തിക്കാതെ നോക്കണം. ഇന്റർവ്യൂവിനു പുറമേ സംഘചർച്ചവഴി ഉദ്യോഗാർത്ഥികളെ വിലയിരുത്തുന്ന സമ്പ്രദായമുണ്ട്. ചുരുക്കം ചിലപ്പോൾ പ്രസന്റേഷൻ, സൈക്കോമെട്രിക് ടെസ്റ്റ് മുതലായവയും ഉണ്ടാവാം. ഇവയിലെല്ലാം പരിശീലനം നടത്തിവരുന്ന ഉദ്യോഗാർത്ഥികളുമായി ദേശീയ മത്സരരംഗത്ത് ഏറ്റുമുട്ടുമ്പോൾ, വെറുംകൈയോടെ അതിരുകടന്ന ആത്മവിശ്വാസവുമായി ചെല്ലുന്ന നമ്മുടെ കുട്ടികൾക്ക് വിജയിക്കാൻ കഴിഞ്ഞില്ലെന്നു വരാം. ആ സ്ഥിതി ഒഴിവാക്കണം. തനിക്കു പോരായ്മകളുണ്ടെന്നു തിരിച്ചറിഞ്ഞ് ശാസ്ത്രീയരീതിയിൽ അവയെ പരിഹരിക്കുന്നതാണ് മത്സരപേശികൾ ശക്തമാക്കാനുള്ള ആദ്യത്തെ പടി.

ദൂരസ്ഥരായ അപേക്ഷകരെ ചില ഉദ്യോഗദാതാക്കൾ ടെലിഫോൺവഴി ഇന്റർവ്യൂ ചെയ്യാറുണ്ട്. ഇതുംകടന്ന് വീഡിയോവഴി ഇന്റർവ്യൂ നടത്തുന്ന രീതിയുമുണ്ട്. പ്രഫഷനൽ കോളജ് വിദ്യാർത്ഥികളെ കാമ്പസിലെത്തി ഇന്റർവ്യൂ ചെയ്ത്, പല കമ്പനിക്കാരും നിയമനം നൽകിവരുന്നു. ഇത്തരം മത്സരങ്ങളിൽ വിജയിക്കണമെങ്കിൽ ഏറ്റവും സമർത്ഥമായ രീതികൾ മനസ്സിലാക്കി പരിശീലിക്കേണ്ടതുണ്ട്.

എസ്.എസ്.ബി. ഇന്റർവ്യൂ എന്നത് വെറും മുഖാമുഖപരിശോധനയല്ല. സായുധസേനയിൽ ഓഫീസർമാരെ നിയമിക്കുന്നതിനായി അപേക്ഷകരെ നാലഞ്ചു ദിവസം ഒരിടത്തു പാർപ്പിച്ച്, വിവിധ ടെസ്റ്റുകളിലൂടെ അവരുടെ സമഗ്രവ്യക്തിത്വം നിർണയിക്കുന്ന പദ്ധതിയാണത്. പരിശോധനാശൈലികളെപ്പറ്റി മുൻകൂട്ടിയറിഞ്ഞു തയ്യാറെടുക്കുന്നത് വിജയിക്കാൻ വഴിയൊരുക്കും.

മത്സരപ്പരീക്ഷകളിൽ പങ്കെടുക്കാൻ തയ്യാറെടുപ്പിലും പരീക്ഷാഹാളിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മികച്ച പ്രസന്റേഷനുവേണ്ട വിജയമന്ത്രങ്ങൾ, സിവിൽ സർവീസസ് പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പ്, ഇന്റർനെറ്റ്വഴി തൊഴിൽ കണ്ടെത്താനുള്ള സൗകര്യങ്ങൾ എന്നിവയും ഒട്ടാകെ സമഗ്രമായ ചർച്ച ചെയ്തിട്ടുണ്ട്.

തൊഴിലന്വേഷണരംഗത്തെ കടമ്പയായ സൈക്കോമെട്രിക് ടെസ്റ്റിനെക്കുറിച്ചുള്ള അധ്യായം ബഹുരാഷ്ട്രക്കമ്പനിയിലും മറ്റും ജോലി തേടുന്നവർക്ക് സഹായകമാകും. വളർന്നു പന്തലിക്കുന്ന കാൾ സെന്റർ ജോലികളിൽ ഏർപ്പെടാൻ താത്പര്യമുള്ളവർ മനസ്സുവയ്ക്കേണ്ട കാര്യങ്ങൾ ക്രോഡീകരിച്ചു നല്കുന്ന അധ്യായമുണ്ട്.

ലക്ഷക്കണക്കിന് യുവതീയുവാക്കൾക്കു വിദേശജോലികളിൽ താത്പര്യമുണ്ട്. ഇതിനുള്ള ശ്രമങ്ങളിൽ നേരിടേണ്ടി വന്നേക്കാവുന്ന ചതിക്കുഴികൾ ഒഴിവാക്കുന്നതിനും ശരിയായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനും വേണ്ട മാർഗനിർദ്ദേശങ്ങൾ, 'വിദേശജോലിക്കു പുറപ്പെടുമ്പോൾ' എന്ന അധ്യായത്തിൽ ചേർത്തിരിക്കുന്നു.

2002-ൽ ഈ ഗ്രന്ഥം ആദ്യമായി പ്രസിദ്ധപ്പെടുത്തിയതിനു ശേഷം തൊഴിൽരംഗത്തും തൊഴിലന്വേഷണശൈലിയിലും പല മാറ്റങ്ങളും വന്നു. പുതിയ ട്രെൻഡുകൾ ഉൾപ്പെടുത്തി പുതിയ എഡിഷനുകൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് കാലികപൂർണത വരുത്തി, സമഗ്രമായി പരിഷ്കരിച്ച പതിപ്പാണിത്.

ഉദ്യോഗസമ്പാദനശ്രമത്തിൽ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്ക് ഈ ഗ്രന്ഥത്തിലെ സൂചനകൾ സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

ബി.എസ്. വാരിയർ

## ഉള്ളടക്കം


1. കരിയർ കണ്ടെത്താൻ 13
2. ജോലിക്കുള്ള അപേക്ഷ 22
3. തൊഴിലന്വേഷണം ഫലപ്രദമാക്കാൻ ചെക്ക് ലിസ്റ്റുകൾ 44
4. ഇന്റർവ്യൂ 50
5. ഇന്റർവ്യൂ: സ്വയം വിലയിരുത്തണം 89
6. ഇന്റർവ്യൂ: ചില സംശയങ്ങൾ 94
7. ഗ്രൂപ്പുചർച്ച 103
8. ടെലിഫോൺ ഇന്റർവ്യൂ / വീഡിയോ ഇന്റർവ്യൂ 128
9. കാമ്പസ് ഇന്റർവ്യൂ 136
10. വാക്-ഇൻ ഇന്റർവ്യൂ 148
11. ബിഹേവിയറൽ ഇന്റർവ്യൂ 154
12. പ്രസന്റേഷൻ 159
13. എസ്.എസ്.ബി. ഇന്റർവ്യൂ 176
14. മത്സരപ്പരീക്ഷകൾ 264
15. സിവിൽ സർവീസസ് പരീക്ഷ 292
16. സർക്കാർ/പൊതുമേഖലാ ജോലികൾക്കുള്ള മത്സരപ്പരീക്ഷകൾ 317
17. തൊഴിൽ കണ്ടെത്താൻ ഇന്റർനെറ്റ് 352
18. സൈക്കോമെട്രിക് ടെസ്റ്റ് 356
19. ബിരുദം മാത്രം പോരാ 363
20. കാൾ സെന്റർ ജോലി 384
21. ആദ്യജോലിക്കും അപ്പുറത്ത് 392
22. വിദേശജോലിക്കു പുറപ്പെടുമ്പോൾ 395